# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ : 3819

26.06.2012-ൽ മറുപടിക്ക്.

### എമർജിംഗ് കേരളയിൽ പദ്ധതികൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. എ.റ്റി. ജോർജ് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) എമർജിംഗ് കേരളയിൽ പദ്ധതികൾ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ)എമർജിംഗ് കേരള 2012-നു വേണ്ട പദ്ധതികൾ തെരഞ്ഞെടുക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. എന്നാൽ കേരളത്തിന്റെ ഭാവി വികസനത്തിന് അനുയോജ്യമായ മേഖലകൾ ഇതിനോടകം സർക്കാർ കണ്ടെത്തിയിട്ടുണ്ട്. കഴിയുന്നത്ര പരിസ്ഥിതിയെ ദോഷകരമായി ബാധിക്കാത്ത പദ്ധതികൾ തുടങ്ങുന്നതിന് സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതാണ്. |
| (ബി) പദ്ധതികൾ തെരഞ്ഞെടുക്കുന്നതിനു മുമ്പ് അനുമതി ലഭിച്ച സംരംഭകരെ സർക്കാരിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുന്ന കാര്യം പരിഗണിക്കുമോ; | (ബി) ഈ കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) സംസ്ഥാനത്തിന്റെസാഹചര്യങ്ങൾക്കനുസൃതമായ പദ്ധതികൾക്ക് മാത്രമേഅനുമതി നൽകുകയുള്ളൂ എന്ന കാര്യം പരിഗണിക്കുമോ; ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാം? | (സി) സംസ്ഥാനത്തിന്റെ താല്പര്യങ്ങൾക്ക് ദോഷകരമായി ബാധിക്കാത്ത പദ്ധതികൾക്ക് മാത്രമേ അനുമതി നല്കുകയുള്ളു. |

സെക്ഷൻ ഓഫീസർ